(11) പാരമ്പര്യ വൈദ്യൻമാർക്കു് ചികിൽസയ്ക്കു് അർഹത നൽകുന്ന 1991-ലെ കേരള ബിൽ

(ശ്രീ. സി. പി. ബാലൻ വൈദ്യർ നോട്ടീസു് നൽകിയതു്.)

(ചർച്ച തുടർച്ച)

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, പാരമ്പര്യ വൈദ്യൻമാർക്കു് ചികിൽസയ്ക്കു് അർഹത നൽകുന്ന 1991-ലെ കേരള ബിൽ വളരെ പഴക്കമുള്ള ബില്ലാണു്. ഇതു് 1991-ൽ അവതരിപ്പിച്ചിട്ടുള്ള താണു്. ഇതു് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണു്. ഒരു അവഗണന അവസാനിപ്പിക്കാനുള്ളതാണു്. ആയുർവേദം ഒരുകാലത്തു് പാരമ്പര്യ വൈദ്യൻമാരുടെ കൈകളിലായിരുന്നു. 12 noon]

ശ്രീ. എം. എം. ഹസ്സൻ: പാരമ്പര്യ വൈദ്യൻമാരുടെ പട്ടികയിൽ മുറിവൈദ്യൻമാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ? അങ്ങേയ്ക്കു് ഇപ്പോഴും അത്തരക്കാരുമായിട്ടാണു് ബന്ധമുള്ളതു്. അതുകൊണ്ടാണു് ഞാൻ സംശയം ചോദിക്കുന്നതു്.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: പാരമ്പര്യവൈദ്യൻമാർ എന്നു പറയുന്നതു് വൈദ്യൻമാരുടെ മക്കളെയല്ലേ. അതോ വൈദ്യരെ തന്നെയാണോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: പാരമ്പര്യ വൈദ്യൻമാർ എന്നു പറഞ്ഞാൽ വൈദ്യം പഠിച്ചു് പാരമ്പര്യമായി ചികിൽസ ചെയ്തുവരുന്ന ആളുകളാണു്. അവരുടെ മക്കളും ആ തരത്തിൽ പഠിച്ചു് ചികിൽസ നടത്തുന്നുവെങ്കിൽ ആ കൂട്ടത്തിൽ അവരും വരും. അതല്ലാതെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനു് ആനുകൂല്യം കൊടുക്കാനുള്ളതല്ല ഈ ബിൽ.

ശ്രീ. കെ. പി. നൂറുദ്ദീൻ: അരവൈദ്യൻ ആളെക്കൊല്ലുമെന്നു് മലബാറിൽ ഒരു പഴഞ്ചൊല്ലുണ്ടു്. പാരമ്പര്യ വൈദ്യൻമാരുടെ കൂട്ടത്തിൽ ആ തരത്തിലുള്ള അരവൈദ്യൻമാരും ഉൾപ്പെടുന്നതുകൊണ്ടു് അവരെ പ്രോൽസാഹിപ്പിക്കുന്നതു് അബദ്ധമല്ലേ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഇന്നു് പല രോഗത്തിനും, ഉദാഹരണമായി മാനസിക രോഗത്തിനു് അലോപ്പതി ചികിൽസയെക്കാളും നല്ലതു് ആയുർവേദ ചികിൽസയാണു്. അലോപ്പതി ചികിൽസ ഷോക്കു് അടിക്കലും മറ്റുമാണു്. ശ്രീ. ഹസ്സനെല്ലാം അടുത്ത തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഫലപ്രദമായ ആയുർവേദചികിൽസ വേണ്ടിവരും.....

ശ്രീ. എം. എം. ഹസ്സൻ: ഈ ബിൽ പാസ്സാവുകയാണെങ്കിൽ ശ്രീ. ബാലൻ വൈദ്യർക്കു് ജോലി തിരിച്ചു കിട്ടാനുള്ള അർഹത കൂടി കിട്ടും. കാരണം എം. എൽ. എ. സ്ഥാനം പോയാലും മറ്റു ചികിൽസ നടത്താനുള്ള ലൈസൻസിനു വേണ്ടി മൻകൂർ ജാമ്യമെടുക്കലല്ലേ ഇതു്?

ശ്രീ. സി. പി. ബാലൻ വൈദ്യർ: അല്ല. ഞാൻ എന്റെ ചികിൽസയും വൈദ്യശാലയുമെല്ലാം എത്രയോ കാലങ്ങൾക്കുമുമ്പു് നിർത്തിയിട്ടു് രാഷ്ട്രീയ പ്രവർത്തനത്തിനു് വന്നതാണു്. അതുകൊണ്ടു് ആ പ്രശ്നമില്ല. ഞാൻ രാഷ്ട്രീയ പ്രവർത്തകനായി എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

ആയതാണ്. എം.എൽ.എ. ആകാൻ വേണ്ടി രാഷ്ട്രീയം സ്വീകരിച്ചതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഹസ്സൻ ചോദിച്ച ചോദ്യം എന്റെ മുമ്പിൽ ഉദിക്കുന്നില്ല.

ശ്രീ. പി. വി. മുഹമ്മദ്: അങ്ങേയ്ക്ക് രജിസ്ട്രേഷൻ ഇല്ലല്ലോ. പിന്നെ വൈദ്യരെന്നു വിളിക്കുന്നത് ഗമയിലല്ലേ. അങ്ങയെ വൈദ്യർ എന്ന് ഇപ്പോഴും വിളിക്കാൻ പറ്റുമോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: വൈദ്യർ എന്ന് വിളിക്കാനുള്ള രജിസ്ട്രേഷനൊക്കെ എന്റെ കൈയിലുണ്ട്. അതുകൊണ്ട് അതിൽ ശ്രീ. പി. വി. മുഹമ്മദ് സംശയിക്കണ്ട.

ശ്രീ. ഇ. പി. ജയരാജൻ: ഞാൻ ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ ആവശ്യമില്ലാത്ത കാര്യത്തെക്കുറിച്ചല്ല പറയുന്നത്. പാരമ്പര്യവൈദ്യൻമാർ പലരും പ്രായം കഴിഞ്ഞ് മരണപ്പെട്ടതുകൊണ്ട് വളരെ പ്രഗൽഭമായ പല ചികിൽസാരീതികളും, ചികിൽസാ വൈദ്യങ്ങളും നമ്മുടെ സമൂഹത്തിൽ നിന്നുതന്നെ ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള ചികിൽസാ രീതികൾക്ക് പ്രത്യേകമായ കഴിവുകളും മറ്റും സംരക്ഷിച്ചെടുക്കേണ്ട ഉദ്ദേശത്തെക്കുറിച്ച് എന്താണ് ശ്രീ. വൈദ്യരുടെ അഭിപ്രായം?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ആ ലക്ഷ്യം വച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്. ആയുർവേദത്തിൽ പല അമൂല്യ ചികിൽസാ രീതികളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിന് മഞ്ഞപ്പിത്തത്തിന് അലോപ്പതിയിൽ ഫലപ്രദമായ ചികിൽസയില്ല. അതേസമയം ആയുർവേദത്തിൽ ഒറ്റമൂലി ഉപയോഗിച്ച് ദിവസങ്ങൾ കൊണ്ട് അത് ഭേദപ്പെടുത്താവുന്നതാണ്. ബഹുമാനപ്പെട്ട ഷൺമുഖദാസിന്റെ നിയോജകമണ്ഡലത്തിൽ തലയോടു വിദഗ്ദ്ധനായ ഒരു ഒറ്റമൂലി വൈദ്യനുണ്ട്. പ്രമാദമായ രോഗങ്ങളെപ്പോലും അദ്ദേഹം സുഖപ്പെടുത്തും. പക്ഷെ അവർക്കൊന്നും ലൈസൻസില്ല. നിയമപ്രകാരം ചികിൽസിക്കാനുള്ള അധികാരവുമില്ല. അതുപോലെയുള്ള ഒറ്റമൂലി സമ്പ്രദായത്തെ നിലനിർത്തണം എന്നതാണ് പ്രധാനം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഒറ്റമൂലി വൈദ്യൻമാരുടെ ചികിൽസാ സമ്പ്രദായം രഹസ്യമായി വയ്ക്കുന്നതുകൊണ്ട് ഈ ചികിൽസാ സമ്പ്രദായം അവരോടൊപ്പം മരിച്ചു പോകാൻ അനുവദിക്കുകയല്ലേ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: അത്തരത്തിൽ ഒരു ബുദ്ധിമുട്ട് ഇതിലുണ്ട്. ഒറ്റമൂലി അറിയാവുന്ന ആളുകൾ അത് മറ്റാളുകൾക്ക് പറഞ്ഞുകൊടുത്ത് അവരെ പഠിപ്പിക്കാതെ രഹസ്യമായി ഉപയോഗിക്കുന്ന വിധത്തിലുള്ള ഒരു മനോഭാവത്തിലാണ് ഇതു കൈകാര്യം ചെയ്യുന്നത് എന്നത് ദുഃഖകരമായ വസ്തുതയാണ്. ഇതിനു മുമ്പ് ഞാൻ ഈ സഭയിൽ ഇക്കാര്യം സൂചിപ്പിച്ചതാണ്. സർക്കാർ തന്നെ ഒറ്റമൂലികൾ അറിയാവുന്നവരുമായി ബന്ധപ്പെട്ട് അത് സമൂഹത്തിന്റെ പൊതുസ്വത്താക്കി മാറ്റണം. ആദിവാസികൾക്കിടയിൽ കുടുംബാസൂത്രണത്തിന് ഒറ്റമൂലി ഉപയോഗിക്കുന്ന സമ്പ്രദായമുണ്ട്. വിഷത്തിന് ഒറ്റമൂലികളുണ്ട്. അതെല്ലാം ഗവൺമെന്റ് സ്വരൂപിച്ചെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങയുടെ വലിയ സുഹൃത്താണല്ലോ

ശ്രീ. ഇ. പി. ജയരാജൻ. അദ്ദേഹത്തിന് ഒരു ആക്രമണമുണ്ടായപ്പോൾ അദ്ദേഹം അലോപ്പതിയെയാണ് ആശ്രയിച്ചത്. എന്തുകൊണ്ട് ആയുർവേദ പാരമ്പര്യമുള്ള ഒരാൾ അദ്ദേഹത്തെ ആയുർവേദം സ്വീകരിക്കാൻ ഉപദേശിച്ചില്ല?

ശ്രീ. സി. പി. ബാലൻവൈദ്യർ: ആയുർവേദം എല്ലാത്തിനും ഫല പ്രദമാണെന്ന് പറയുന്നില്ല. ആധുനിക ചികിൽസാ സൗകര്യങ്ങൾ ആയുർവേദത്തിൽ വന്നിട്ടില്ല. പഴയകാലത്ത് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിൽസാരീതികൾ ആയുർവേദത്തിലുണ്ടായിരുന്നു. അതിന് അർഹതപ്പെട്ട സംരക്ഷണം കിട്ടുന്നില്ല എന്ന പ്രശ്നമുണ്ട്.

ശ്രീ. എ. പത്മകുമാർ: ബഹുമാനപ്പെട്ട തച്ചടിയുടെ അസുഖത്തിന് ഒരു മേഖലയിലും ചികിൽസയില്ല എന്ന് അങ്ങേയ്ക്കറിഞ്ഞുകൂടേ?

ശ്രീ. സി. പി. ബാലൻവൈദ്യർ: ശ്രീ. തച്ചടിയുടെ അസുഖം കുറെ ദിവസങ്ങളായി ഇവിടെ കാണുന്നുണ്ട്. അതാണോ രോഗമായി സൂചിപ്പിച്ചത് എന്ന് എനിക്കറിയുകയില്ല. അതാണെങ്കിൽ കാര്യമായ ചികിൽസ ആയുർവേദത്തിലില്ല.

ശ്രീ. ഇ. പി. ജയരാജൻ: ബഹുമാനപ്പെട്ട തച്ചടി, ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടു പ്രാവശ്യം എന്നെ പോലീസുകാർ അടിച്ച് തല പൊളിച്ചു. രണ്ടു പ്രാവശ്യവും അലോപ്പതി ചികിൽസയ്ക്കുശേഷം ഞാൻ പഞ്ചകർമ്മ ആയുർവേദ ചികിൽസാലയത്തിലായിരുന്നു ഓരോ മാസക്കാലം. വെടിയേറ്റതിനുശേഷം, ലണ്ടനിൽ നിന്നുള്ള അലോപ്പതി ചികിൽസ കഴിഞ്ഞ് ഇപ്പോഴും ആയുർവേദ ചികിൽസ നടത്തിക്കൊണ്ടിരിക്കുകയാണ്. കണ്ണൂർ തോട്ടടയിൽ ഒരു പ്രശസ്തമായ യോഗാശ്രമമുണ്ട്. അവിടെ നിന്നും പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പൂന്നൂരിൽ ഏറെറവും പ്രശസ്തനായ അഹമ്മദ് എന്നു പറയുന്ന പാരമ്പര്യ ചികിൽസയുള്ള ഒരാളുണ്ട്. കാലിന്റെ വിരൽ കൊണ്ടാണ് അദ്ദേഹം നാഡിഞരമ്പുകൾ ഭേദപ്പെടുത്തുന്നത്. അദ്ദേഹം മരിച്ചുപോയി. നാഡിഞരമ്പുകൾ ശുശ്രൂഷിച്ചു സുഖപ്പെടുത്താൻ കഴിയുന്നതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രേഖകളൊക്കെ കണ്ടെത്തിയിട്ടുണ്ട്. ശ്രീ. ടി. കെ. ഹംസയുടെ ഊരയ്ക്കുണ്ടായിരുന്ന തകരാറ് ആയുർവേദത്തിലാണ് ചികിൽസിച്ചത്. അത്തരത്തിലുള്ള പാരമ്പര്യ കഴിവുകൾ സംരക്ഷിക്കാനുള്ള എന്തെങ്കിലും സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കാൻ വൈദ്യർക്ക് താൽപ്പര്യമുണ്ടോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ബഹുമാനപ്പെട്ട മെമ്പർ ജയരാജൻ സൂചിപ്പിച്ചതുപോലെയുള്ള ധാരാളം അമൂല്യസിദ്ധികൾ ആയുർവേദ ചികിൽസയിലുണ്ട്. ഇത് അറിയാവുന്ന ഒറ്റപ്പെട്ട വ്യക്തികൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അത് സമൂഹത്തിനും സ്റ്റേറ്റിനും ഉപയോഗപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ആയുർവേദത്തിൽ കഷണ്ടിക്കും നരയ്ക്കും മരുന്നുണ്ടോ? എന്റെ മുടി നരച്ചു. ധാരാളം പേരുടെ മുടി നരച്ചു. നരമാറാനുള്ള ചികിൽസ ആയുർവേദത്തിൽ ഉണ്ടോ? കഷണ്ടി മാറാൻ ആയുർവേദത്തിൽ ചികിൽസയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. വർക്കലയുടെ ചോദ്യത്തിന് സൂക്ഷിച്ചുവേണം മറുപടി പറയാൻ. അദ്ദേഹത്തിന് ഈ അടുത്ത കാലത്ത് നരമാറ്റണമെന്ന തോന്നൽ വന്നു തുടങ്ങിയിട്ടുണ്ട്. അപകടകരമായ ഒരു തോന്നലാണത്. അതുകൊണ്ട് ആലോചിച്ചു മാത്രമേ അതിന് പ്രതിവിധി നിർദ്ദേശിക്കാവൂ.

ശ്രീ. സി. പി. ബാലൻ വൈദ്യർ: ബഹുമാനപ്പെട്ട ഹസ്സൻ ഭയപ്പെടുന്നതുപോലെ നര മാറ്റിയിട്ട് മറ്റൊരു ഉദ്ദേശമൊന്നും ശ്രീ. വർക്കലയ്ക്കില്ല. ഒരു ചെറുപ്പക്കാരനാകാൻ വേറൊരു ഉദ്ദേശമൊന്നും അദ്ദേഹത്തിനില്ല. ശ്രീ. വർക്കല അത് സദുദ്ദേശത്തോടുകൂടിയാണ് ചോദിച്ചത്. അല്ലാതെ ശ്രീ. ഹസ്സനെപ്പോലെയുള്ളവർക്കുള്ള ഉദ്ദേശമൊന്നും ഇല്ല. അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ല എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. വർക്കലയുടെ അടുത്ത് നിയമപ്രശ്നം കൺസൾട്ട് ചെയ്യാൻ പോയാൽ ഫീസു ചോദിക്കും. അതുകൊണ്ട് വൈദ്യർ സൗജന്യമായി ഉപദേശം കൊടുക്കരുത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഇവർ ഇതിൽ പ്രതിഫലം ആഗ്രഹിക്കാത്തതുകൊണ്ട് ആരു ചോദിച്ചാലും അറിയാവുന്ന കാര്യം പറയാമെന്നുള്ള മനോഭാവത്തിലാണ് നിൽക്കുന്നത്.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട വർക്കല സ്പീക്കറായിരുന്ന സമയത്ത് സിംഗപ്പൂരിൽ പോയിട്ട് വന്നപ്പോൾ എന്തോ മരുന്ന് കണ്ടുപിടിച്ചു. രണ്ടാഴ്ച അദ്ദേഹത്തിന്റെ മീശ കറുപ്പായിരുന്നു. അപ്പോൾ ഒരു മരുന്ന് അദ്ദേഹത്തിന്റെ കയ്യിൽ തന്നെയുണ്ട്. അതെന്താണെന്ന് ബഹുമാനപ്പെട്ട ബാലൻ വൈദ്യർക്ക് പറഞ്ഞുകൊടുത്താൽ നന്നായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ ദുരുദ്ദേശത്തിലൊന്നും പറഞ്ഞതല്ല. മാർക്സിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ചെറുപ്പക്കാർക്ക് മുൻഗണന നൽകുമെന്ന് ഒരു പ്രമേയം പാസ്സാക്കി. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. വർക്കല തല കറുപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ: അതുകൊണ്ടാണോ എന്തോ ബഹുമാനപ്പെട്ട ആര്യാടനും, ബഹുമാനപ്പെട്ട ഹസ്സനും ഇപ്പോൾ തല ബ്ലാക്കടിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: പഴയ അനുഭവസമ്പത്തുള്ള ആളുകളും, ചെറുപ്പക്കാരുംകൂടി ചേർന്നതാണ് ഞങ്ങളുടെ നേതൃത്വം. അതിലൊന്നും ശ്രീ. ഹസ്സൻ ഭയപ്പെടേണ്ട. നമ്മുടെ ദേശീയ ചികിൽസാ സമ്പ്രദായം എന്ന നിലയിൽ ആയുർവേദ ചികിൽസാ സമ്പ്രദായത്തിന് അർഹതപ്പെട്ട പരിഗണന കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു: സർ, ആയുർവേദത്തിന് അംഗീകാരമുണ്ട് എന്നുള്ള കാര്യം സമ്മതിക്കുന്നു. ദശമൂലാരിഷ്ടം 10 വൈദ്യശാലകളിൽ നിന്നു വാങ്ങിയാൽ 10 വിധത്തിലായിരിക്കും. അതിന് ഒരു ഏകീകൃത രൂപം നൽകാനുള്ള ശ്രമങ്ങൾ നടത്താൻ തയ്യാറുണ്ടോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഇന്ന് പലരും പലതരത്തിലുള്ള കൃത്രിമങ്ങൾ നടത്തുന്നുണ്ട്. ചില ആളുകൾ നടത്തുന്ന കൃത്രിമങ്ങളുടെ ഭാഗമായി ആയുർവേദ മരുന്നുകളെപ്പറ്റി തെറ്റായ പ്രചാരവേല നടത്തി ആയുർവേദത്തിന്റെ പ്രാധാന്യം നശിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ എട്ടു കൊല്ലമായി ഞാൻ ഒരു ബില്ലുമായി നിൽക്കുകയാണ്. ഒരു നിലയിലും ഈ ബില്ലിനു മോക്ഷം കിട്ടുന്നില്ല. 9-ാം നിയമസഭയുടെ ഈ സമ്മേളനത്തോടുകൂടി ഞാൻ നേരത്തെ അവതരിപ്പിച്ച ബില്ലും ഈ ബില്ലും അതിനെ യാത്ര അയയ്ക്കാൻ വേണ്ടി പോകുകയാണ്. അത്തരത്തിലുള്ള ഒരു സ്ഥിതി ഇത്തരം ബില്ലുകൾക്ക് ഉണ്ടാകാതിരിക്കാൻ കഴിയട്ടെ. ആയുർവേദത്തിന്റെ തനിമ നിലനിർത്താൻ അങ്ങു പ്രകടിപ്പിച്ച വികാരം കണക്കിലെടുത്ത് വരുന്ന ഗവൺമെന്റും ആ തരത്തിലൊരു കാഴ്ചപ്പാട് സ്വീകരിക്കാനിടവരുത്തണമേ എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ല് നിലനിർത്താനാവശ്യമായ സഹായം അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(12) 1991-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്) ചർച്ച തുടർച്ച

ശ്രീ. എം. മുരളി: നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികളുടേയും സാമൂഹ്യ പരിരക്ഷയ്ക്കു വേണ്ടിയുള്ള സോഷ്യൽ ലെജിസ്ലേഷൻ നടപ്പിലാക്കുകയും അവർക്കെല്ലാം പ്രത്യേക ക്ഷേമനിധികളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ ക്ഷേമനിധികളില്ലാത്ത കുറേയേറെ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികളും രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ ഏതാണ്ട് ആറു ലക്ഷത്തോളം തൊഴിലാളികളും ഹോട്ടലുകളുമായി ബന്ധപ്പെട്ട് പണി എടുക്കുന്നുണ്ട്. നാൽപ്പതിനായിരത്തോളം ഹോട്ടലുകളും റെസ്റ്റോറന്റുകളും തട്ടു കടകളും ആഹാരം പാചകം ചെയ്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്ന 'ഹോട്ടലുകൾ' എന്ന നിർവചനത്തിൽ വരുന്ന സ്ഥാപനങ്ങളായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ആറുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. അവർ നരകതുല്യമായ ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. രാവിലെ 5 മണി മുതൽ രാത്രി 10 മണിവരെ ഏതാണ്ട് 17 മണിക്കൂർ പണിയെടുക്കേണ്ട തൊഴിലാളികളാണ് ഇവർ. അവർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. അതൊരു സാമൂഹ്യനീതിയുടെ ഭാഗമാണ്. എല്ലാ വിഭാഗം തൊഴിലാളികൾക്കും കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഭരണകൂടങ്ങൾ പ്രത്യേക ക്ഷേമനിധികൾ ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ, കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന ഹോട്ടലുകളിൽ പണിയെടുക്കുന്ന ആറു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക്, ഇതുവരെ ഒരു സാമൂഹ്യപരിരക്ഷയും ലഭിക്കാത്ത ഹോട്ടൽ തൊഴിലാളികൾക്ക്, ഒരു പ്രത്യേക ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly